പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) 1964–65-ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി എത്രയുക വകയിരുത്തുവാൻ സാധിക്കുമെന്ന അറിഞ്ഞശേഷമേ പറയാൻ നിർവാഹമുള്ളൂ.

(ബി) കല്ലറ പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിച്ചതു് 1–4–1956–ൽ. ഇപ്പോഴും രണ്ടു് ബഡ്ഡുകളുണ്ടു്.

(സി) ഇല്ല.

(ഡി) ബഡ്ജറ്റിൽ ഇതിനുവേണ്ടി തുകയില്ലാത്തതിനാൽ ഉടനടി നടപടി എടുക്കാൻ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

റോഡിനുവേണ്ടിയുള്ള നിവേദനം

6. [1] ശ്രീ. കെ. ആർ. വിജയൻ : താഴെ താണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർനിന്നും എളപ്പുമാറ്റം എറണാകുളത്തു് എത്താവുന്ന രീതിയിൽ തുണ്ടത്തുംകടവിൽകൂടി ഒരു റോഡിനു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഒരു റോഡു പുത്തിയാക്കുന്നതിനു് നിർദ്ദേശം ചീഫ് എഞ്ചിനീയർക്കു് നൽകിയതായി 14–11–1962–ൽ നിവേദകർക്കു് നൽകിയ മറുപടി അനുസരിച്ചു് വല്ല മേൽ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി, സി) ധനദൌർല്ലഭ്യംമൂലം തൽക്കാലം ഈ പണി നടത്തേണ്ടതില്ല എന്നു് പിന്നീടു് തീരുമാനിക്കുകയും ഈ തീരുമാനം നിവേദകരെ അറിയിക്കുകയും ചെയ്തിട്ടുണ്ടു്.

ചെങ്ങമനാടു് സീഡു് ഫാം.

7. [2] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങമനാടു സീഡുഫാമിൽ കൃഷിക്കായി കൂലിവേലയ്ക്കു് ആളെ എർപ്പെടുത്താറുണ്ടോ ;

(ബി) സീഡുഫാമിനുവേണ്ടി സ്ഥലം എടുക്കുമ്പോൾ ഒഴിപ്പിച്ച കൃഷിക്കാരുടെ കുടുംബാംഗങ്ങളെ ജോലിയ്ക്കു വിളിക്കണമെന്നുകാണിച്ചു് അവർ വല്ല ഹർജികളും സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതനുസരിച്ചു് വല്ല നിർദ്ദേശവും ഫാം അധികൃതർക്കു് നൽകിയിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly